## ശ്രീ.ഷാഫി പറമ്പിൽ എം.എൽ.എ ഉന്നയിച്ച സബ്മിഷനുള്ള മറുപടി

പാലക്കാട് 2 വില്ലേജിലെ സുന്ദരം കോളനി എന്ന സ്ഥലത്ത് ബ്ലോക്ക് -30 സർവ്വെ നം.1068, 1070, 1071 എന്നിവയിൽ ഉൾപ്പെട്ട സുമാർ നാലേക്കറോളം വരുന്ന സ്ഥലം ചേരി നിർമ്മാർജ്ജന പദ്ധതി പ്രകാരം 1987-ൽ മുനിസിപ്പാലിറ്റി ഏറ്റെടുത്ത് 2 പൊതു ചുമരുകളോട് കൂടിയ നാല് വീടുകളായി ആകെ 86 വീടുകൾ പുനരധിവാസ ഭവന നിർമ്മാണ പദ്ധതി പ്രകാരം നിർമ്മിച്ച് ഗുണഭോക്താക്കൾക്ക് നൽകിയിരുന്നു. ഈ ഭൂമിയ്ക്ക് ഗുണഭോക്താക്കളുടെ പേരിൽ ആധാരം ചെയ്തു നൽകുകയോ പട്ടയം അനുവദിച്ച് നൽകുകയോ ചെയ്തിട്ടില്ലാത്തതാണ്. എന്നാൽ ടി 86 പേർക്കും പാലക്കാട് നഗരസഭ കൈവശ രേഖ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമി വില്ലേജ് രേഖകൾ പ്രകാരം കൽപ്പാത്തി വിശ്വനാഥ സ്വാമി ദേവസ്വം വക കൈവശ ഭൂമിയാണ്.

മുൻസിപ്പാലിറ്റിയിൽ നിന്നും വീട് അനുവദിച്ച ഗുണഭോക്താക്കളിൽ പലരും ടി സ്ഥലത്ത് നിലവിൽ താമസമില്ലായെന്നും മറ്റ് വ്യക്തികൾക്ക് വാടകയ്ക്ക് കൊടുക്കുകയോ വിറ്റ് പോകുകയോ ചെയ്തിട്ടുള്ളതായിട്ടുള്ളതാണെന്നും ആണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ചില വീടുകളിൽ മാത്രമാണ് ഗുണഭോക്താക്കളോ അല്ലെങ്കിൽ അവരുടെ അനന്തര അവകാശികളോ താമസിക്കുന്നത്. കൂടാതെ മിക്ക വീടുകളിലും റേഷൻ കാർഡോടു കൂടി രണ്ടിലധികം കുടുംബങ്ങൾ താമസിച്ചു വരുന്നുമുണ്ട്. മിക്ക വീടുകളിലേയും അംഗസംഖ്യ 6-ൽ അധികമാണ്. ആയതിനുള്ള താമസ സൗകര്യമോ ശൗചാലയമോ നിലവിൽ ടി വീടുകളിലൊന്നും ഇല്ലാത്തതാണ്.

2018, 2019 വർഷത്തെ പ്രളയത്തിൽ സുന്ദരം കോളനിക്ക് തെക്ക് ഭാഗത്തുള്ള ശംഖുവാരത്തോട് കവിഞ്ഞൊഴുകി എല്ലാ വീടുകളിലും വെള്ളം കയറുകയും വീടുകൾക്ക് സാരമായ നാശനഷ്ടങ്ങൾ സംഭവിക്കുകയും ചെയ്തിട്ടുണ്ട് 2018-ലെ പ്രളയത്തെ തുടർന്ന് നടത്തിയ റീബിൽഡ് കേരള സർവ്വെയിൽ പൂർണ്ണമായും തകർന്ന വീടുകളെ പട്ടികയിൽ ഉൾപ്പെടുത്തി പ്രസിദ്ധീകരിച്ചുവെങ്കിലും താമസക്കാർക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള രേഖകൾ ഇല്ലാതിരുന്നതിനാലും ഭൂരിഭാഗം താമസക്കാരും നിലവിലെ വീട് പൊളിക്കാൻ തയ്യാറാകാതിരുന്നതിനാലും പ്രസ്തുത വിടുകളെ ഭാഗികമായി നാശനഷ്ടം വന്ന വീടുകളുടെ പട്ടികയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നതിനായി ജില്ലാ കളക്ടർ ശിപാർശ ചെയ്തിരുന്നു.

ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ തീരുമാന പ്രകാരം ലിസ്റ്റിൽ ഉൾപ്പെട്ട 84 പേർക്ക് വീട് അറ്റകുറ്റപണികൾക്കായി 95,100/- രൂപ വീതം അനുവദിച്ചിട്ടുള്ളതാണ്. ശ്രീമതി.കണ്ണമ്മ, ശ്രീ.ശിവരാജ് എന്നവർക്ക് പ്രളയ ദുരിതാശ്വാസ നിധിയിൽ ഉൾപ്പെടുത്തി CMDRF ൽ നിന്നും 6,00,000/-രൂപ സ്ഥലം വാങ്ങുന്നതിന് അനുവദിച്ചിരുന്നു. അപ്രകാരം വാങ്ങിയ ഭൂമിയിൽ വീട് പണിയുന്നതിനുള്ള ഒന്നാം ഗഡു ധനസഹായം അനുവദിച്ചിട്ടുള്ളതും ആയതിൽ വീട് പണി പുരോഗമിച്ചുവരുന്നതുമാണ്.

മേൽ പറഞ്ഞിരിക്കുന്ന 86 പേർക്കും നഗരസഭ നിരാക്ഷേപ സാക്ഷ്യപത്രം അനുവദിക്കുന്ന മുറയ്ക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ കൈകൊള്ളുന്നതാണ്.